**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **07-02-2023 - ൽ മറുപടിയ്ക്ക്**

**വല്ലാർപാടം കണ്ടെയിനർ റോഡ്-റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയിനർ റോഡ് - റെയിൽ പദ്ധതിക്ക് വേണ്ടി 2008- ൽ കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് വേണ്ടി 2008 മാർച്ച് 19-ന് ഇറക്കിയ പുനരധിവാസ ഉത്തരവിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | പുനരധിവാസ ഭൂമികളിൽ റോഡ്, വൈദ്യുതി, കുടിവെള്ളം, ഡ്രെയിനേജ്, ഇരുനിലക്കെട്ടിടം പണിയത്തക്ക എ ക്ലാസ് ഭൂമി എന്നി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ പ്രതിമാസം എത്ര രൂപ വീട്ടു വാടക ഇനത്തിൽ നൽകണമെന്നാണ് ഹൈക്കോടതി വിധിയിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | മൂലമ്പിള്ളി, കോതാട്, കോരമ്പാടം, മുളവുകാട; തുതിയൂർ (കാക്കനാട്) വട്ടുതല എന്നീ സ്ഥലങ്ങളിലെ അടിസ്ഥാന സൗകര്യം 31.07.2012 ൽ പൂർത്തീകരിച്ചിട്ടുള്ളതും, ടി പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31.01.13 വരെ പ്രതിമാസം 5000/- രൂപ വാടക നൽകിയിട്ടുണ്ട്. തുതിയൂർ (വാഴക്കാല) പുനരധിവാസ സ്ഥലത്തിന്റെ അടിസ്ഥാന സൗകര്യം 31.07.13 ൽ പൂർത്തിയാക്കിയിട്ടുള്ളതും ടി പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31.01.14 വരെ പ്രതിമാസം 5000/- രൂപ നൽകിയിട്ടുണ്ട്. |
| (സി) | വീട്ടുവാടക ഇനത്തിലുള്ള ഈ തുക ഏതു വർഷം വരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | മൂലമ്പിള്ളി, കോതാട്, കോരമ്പാടം, മുളവുകാട; തുതിയൂർ (കാക്കനാട്) വട്ടുതല എന്നീ സ്ഥലങ്ങളിലെ അടിസ്ഥാന സൗകര്യം 31.07.2012 ൽ പൂർത്തീകരിച്ചിട്ടുള്ളതും, ടി പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31.01.13 വരെ പ്രതിമാസം 5000/- രൂപ വാടക നൽകിയിട്ടുണ്ട്. തുതിയൂർ (വാഴക്കാല) പുനരധിവാസ സ്ഥലത്തിന്റെ അടിസ്ഥാന സൗകര്യം 31.07.13 ൽ പൂർത്തിയാക്കിയിട്ടുള്ളതും ടി പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31.01.14 വരെ പ്രതിമാസം 5000/- രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരാൾക്ക് വീതം വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് പദ്ധതിയിൽ ജോലി നൽകും എന്ന ഉത്തരവ് അനുസരിച്ച് എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; ആർക്കൊക്കെ; പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) | ടി പദ്ധതിയിൽ കുടിയൊഴിപ്പി ക്കപ്പെട്ടവരിൽ ആർക്കും ജോലി നൽകിയിട്ടില്ലാത്തതാണ്. ICTT വല്ലാർപാടം പദ്ധതി BOT വ്യവസ്ഥയിൽ ആയതിനാൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് ജോലി നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | സാധ്യമല്ലായെന്നുള്ള വിവരം കൊച്ചി പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുള്ളതാണ്. |
| (ഇ) | എറണാകുളം ജില്ലയിലെ ചേരാനല്ലൂർ വില്ലേജിലെ വടുതല പുനരധിവാസ ഭൂമിയിലെ റോഡ് നിർമ്മാണവും ഡ്രെയിനേജ് നിർമ്മിക്കലും കളിസ്ഥലത്തിന്റെ പുനരുദ്ധാരണവും എന്നത്തേക്ക് തുടങ്ങി പൂർത്തിയാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ? | (ഇ) | വടുതല പുനരധിവാസ പ്ലോട്ടിൽ കളി സ്ഥലം നിർമ്മിക്കുന്നതിനായി GCDA പ്രൊപ്പോസൽ ലഭ്യമാക്കിയാൽ തുടർനടപടി സ്വീകരി ക്കാമെന്ന് മൂലമ്പിള്ളി മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ 07.02.19ന് കൂടിയ യോഗത്തിൽ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ GCDA ഇതുവരെയും പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടി ല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയിനർ റോഡ് – റെയിൽ പദ്ധതിക്ക് വേണ്ടി 2008- ൽ കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് 19.03.2008 ലെ സ.ഉ (MS) 62/08/ആർ ഡി ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. ICTT വല്ലാർപാടം പദ്ധതിയ്ക്കായ് കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങൾക്ക് 1 സെന്റ് മുതൽ 5 സെന്റ് വരെ ഭൂമി നഷ്ടപ്പെട്ടവർക്ക് 5 സെന്റ് സ്ഥലവും, അതിന് മുകളിൽ ഉള്ളവർക്ക് 6 സെന്റ് സ്ഥലവും നൽകിയിട്ടുണ്ട്. ഭൂമിയുടെ ലഭ്യത കുറവായതിനാൽ സ്പെഷ്യൽ പുനരധിവാസ അലവൻസ് ആയി DLPC നിശ്ചയിച്ച സ്ഥലവില കണക്കാക്കി കൂട്ടുതലായി വരുന്ന സ്ഥലത്തിന്റെ തുക നൽകുകയുണ്ടായി.

2. കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങൾക്കും മൂലമ്പിള്ളി, കോതാട്, കോരമ്പാടം, വട്ടുതല, തൈക്കാവ്കുളം, തുതിയൂർ(കാക്കനാട്), തുതിയൂർ (വാഴക്കാല), മുളവുകാട് എന്നീ സ്ഥലങ്ങളിലായി പുനരധിവാസ ഭൂമി അനുവദിച്ചിട്ടുള്ളതും, ടി ഭൂമിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ഫണ്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് നൽകിയിട്ടുള്ളതാണ്.

3. മൂലമ്പിള്ളി, കോതാട്, കോരമ്പാടം, മുളവുകാട്, തുതിയൂർ (കാക്കനാട്) വട്ടുതല എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം 31.07.2012 ലും തുതിയൂർ (വാഴക്കാല) സ്ഥലത്തെ അടിസ്ഥാന സൗകര്യം 31.07.2013 ലും പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ടി തീയതി മുതൽ 6 മാസം കൂടിയുള്ള വാടക (പ്രതിമാസം 5000/- രൂപ) നൽകിയിട്ടുള്ളതാണ്. അടിസ്ഥാന സൗകര്യം പൂർത്തിയാക്കിയ തീയതി മൂലമ്പിള്ളി മോണിറ്ററിംഗ് കമ്മറ്റിയിൽ അംഗീകരിച്ചിട്ടുള്ളതാണ്.

4. ഷിഫ്റ്റിംഗ് ചാർജ്ജ് 10,000/- രൂപ എല്ലാ കുടുംബാഗങ്ങൾക്കും നൽകിയിട്ടുള്ളതാണ്.

5. പുനരധിവാസ സ്ഥലത്ത് വീട് പൂർത്തിയാകുന്ന മുറക്ക് വെള്ളം, വൈദ്യുതി കണക്ഷനുകൾ മുൻഗണന നൽകി അനുവദിച്ചു വരുന്നു.

6. ICTT വല്ലാർപാടം പദ്ധതി BOT അടിസ്ഥാനത്തിൽ ആയതിനാൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് ജോലി നൽകുന്നതിന് സാധ്യമല്ലെന്നുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുള്ളതാണ്.

7. യഥാസമയം റിട്ടേൺ ഫയൽ ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തിരുന്നെങ്കിൽ 12% തുക ലഭിക്കാൻ സാധ്യതയുണ്ടായിരുന്നു. എന്നാൽ ഇത്രയും കാലതാമസം വന്ന സ്ഥിതിക്ക് തുക ലഭിക്കുവാനുള്ള സാധ്യത കുറവാണെന്ന് ജില്ലാ കളക്ടർ 08.06.18 ന് കൂടിയ മൂലമ്പിള്ളി മോണിറ്ററിംഗ് കമ്മറ്റിയിൽ അറിയിച്ചിട്ടുള്ളതാണ്.

Sd/- 1/12/23